**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ഓഡിറ്റ് വകുപ്പ് -തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്- ജില്ലാ സാമൂഹ്യനീതി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പാരമ്പര്യ ചികിൽസ -ഓഡിറ്റ് തടസ്സം-ബഹു.കേരള ഹൈക്കോടതി വിധിന്യായം- പരാതിക്കാരന് പേഴ്സണൽ ഹിയറിംഗ് -കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

===========================================================================

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.537/2021/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 22/02/2021

പരാമർശം:
1. സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1
2. ബഹു.കേരള ഹൈക്കോടതി WP(C) No.34337/2016(N) നമ്പർ കേസിൽ 20/11/2019 ൽ പുറപ്പെടുവിച്ച വിധിന്യായം
3. ശ്രീ.മാത്യൂസ് വൈദ്യർ സർക്കാറിൽ സമർപ്പിച്ച എക്സിബിറ്റ് P13 അപേക്ഷ

**<u>ഉത്തരവ്</u>**

സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പാരമ്പര്യ ചികിൽസ എന്ന പ്രോജക്ടിനായി ചെലവഴിച്ച 15.00 ലക്ഷം രൂപ (രൂപ പതിനഞ്ചു ലക്ഷം മാത്രം) ഓഡിറ്റ് തടസ്സപ്പെടുത്തുകയുണ്ടായി. ഈ പാരമ്പര്യ ചികിൽസാ രീതിക്ക് അംഗീകാരമില്ല, ചികിൽസാ രീതിയുടെ ശാസ്ത്രീയത തെളിയിക്കപ്പെട്ടിട്ടില്ല, ആരോഗ്യമേഖലയുമായി ബന്ധമില്ലാത്തവരാണ് പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയത് എന്നീ കാരണങ്ങളാണ് ഓഡിറ്റ് തടസ്സത്തിന് കാരണമായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചത് .ഈ പരാമർശം 2015-16 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 8.1 ആയി ഉൾപ്പെടുത്തുകയുണ്ടായി.

2) ഈ വിഷയവുമായി ബന്ധപ്പെട്ട് പാരമ്പര്യ ചികിൽസയുടെ നടത്തിപ്പുകാരനായ ശ്രീ.മാത്യൂസ് വൈദ്യർ ഫയൽ ചെയ്ത ബഹു. ഹൈക്കോടതിയിലെ WP(C) No.34337/2016(N) നമ്പർ കേസിലെ 20/11/2019 തീയതിയിലെ വിധിന്യായത്തിൽ പരാതിക്കാരനെ നേരിൽ

കേൾക്കണമെന്നും പരാതിക്കാരൻ സർക്കാരിൽ സമർപ്പിച്ചിരുന്ന പരാമർശം(3) അപേക്ഷയിലെ ആവശ്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്നുമായിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിലെ മൂന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി 04/11/2020 ന് തദ്ദേശ സ്വയംഭരണവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി .

3) ശ്രീ.മാത്യൂസ് വൈദ്യർ ഫയൽ ചെയ്ത WP(C) No.34337/2016(N) നമ്പർ കേസിൽ പരാമർശം (3) ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ.

i) പാരമ്പര്യ ചികിൽസയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൻമേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുക

ii) ഓഡിറ്റ് പരാമർശത്തിന്റെ പശ്ചാത്തലത്തിൽ നിർത്തലാക്കിയ പാരമ്പര്യ ചികിൽസ പദ്ധതികൾ വീണ്ടും ആരംഭിക്കാനുള്ള അനുവാദം നൽകുക

iii) 2012-13 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിനുകീഴിൽ പരാതിക്കാരൻ ചെലവഴിച്ച മുഴുവൻ തുകയും ലഭ്യമാക്കുക.

4) ആവശ്യങ്ങൾ വിശദമായി പരിശോധിച്ചതിൽ കണ്ടെത്തിയവ.

എ) ഈ വിഷയം 2015-16 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 8.1 ആയി ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഈ വിഷയം.പരിഗണിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി , 2011-12, 2012-13, 2013-14 വർഷങ്ങളിൽ പാരമ്പര്യ ചികിൽസയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിൻമേലുള്ള ഓഡിറ്റ് തടസ്സം നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പരാതിക്കാരന്റെ ഈ ആവശ്യം പരിഹരിക്കപ്പെട്ടു കഴിഞ്ഞു. അതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ ആവശ്യമില്ല.

ബി) പാരമ്പര്യ ചികിൽസയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തുടരാൻ അനുവദിക്കണമെന്നാണ് പരാതിക്കാരന്റെ രണ്ടാമത്തെ ആവശ്യം .പാരമ്പര്യ ചികിൽസാരീതികൾ ശാസ്ത്രീയമായി മോണിറ്റർ ചെയ്യാനുള്ള Third Party Evaluation System രൂപീകരിച്ച് ഈ ചികിൽസാരീതി ഗുണപ്രദമാണെന്ന് കണ്ടെത്തുന്നപക്ഷം ഇത്തരം പദ്ധതികൾ തുടരാമെന്നാണ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി ശുപാർശ. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ഈ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായാക്കി ഈ ചികിൽസാ രീതി ഗുണകരമാണെന്ന് കണ്ടെത്തിയാൽ മാത്രമേ പാരമ്പര്യ ചികിൽസയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തുടരാൻ സാധിക്കുകയുള്ളൂ.

സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ 2012-13, വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിനുകീഴിൽ പരാതിക്കാരൻ ചെലവഴിച്ച മുഴുവൻ തുകയും ലഭ്യമായിട്ടില്ലെന്നും അവശേഷിക്കുന്ന തുക കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പരാതിക്കാരൻ ഹിയറിംഗ് വേളയിൽ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിൽ പദ്ധതിക്കായി വകയിരുത്തിയ വികസന ഫണ്ട് മുഴുവനായും പരാതിക്കാരന് നൽകിയതായും ,പദ്ധതി അടങ്കലിൽ വകയിരുത്തിയ

സംഭാവന ഉൾപ്പടെയുള്ള ബാക്കി വിഹിതം ലഭ്യമായിട്ടില്ലാത്തതിനാൽ ബാക്കി തുക നൽകാൻ നിർവാഹമില്ല എന്നും അറിയിച്ചിരിക്കുന്നു. ഈ തുക ലഭിക്കുന്നതിനായി പരാതിക്കാരൻ വീണ്ടും ബഹു. കേരള ഹൈക്കോടതി മുൻപാകെ പരാതി സമർപ്പിച്ചിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതാണ്.അതിനാൽ പരാതിക്കാരന്റെ ഈ ആവശ്യം പരിഹരിക്കപ്പെട്ടു കഴിഞ്ഞു. ഈ വിഷയത്തിൽ തുടർ നടപടികൾ ആവശ്യമില്ല.

5) ഈ വിധത്തിൽ WP(C) No.34337/2016(N) നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ എറണാകുളം (with C/L)
ശ്രീ.എം.ഐ.മാത്യൂസ് വൈദ്യർ
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.